**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 234** **12-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് 19 രണ്ടാം ഘട്ട വരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. ജോർജ് | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | കോവിഡ് 19 വൈറസിന് ജനിതകമാറ്റം സംഭവിച്ച് രണ്ടാംഘട്ട വരവിനുള്ള സാധ്യതയുള്ളതിനാൽ ഇത് പ്രതിരോധിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | (എ) | കേന്ദ്ര സർക്കാരിന്റെ 22/12/2020-ലെ "Standard operating procedure” പ്രകാരം ബ്രിട്ടനിൽ നിന്നുള്ള വിമാന സർവ്വീസ് പൂർണ്ണമായും നിരോധിക്കുകയും 08/01/2021 മുതൽ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബ്രിട്ടനിൽ നിന്നും വരുന്ന യാത്രക്കാരെ നിർബന്ധിത RTPCR പരിശോധനയ്ക്ക് വിധേയരാക്കുകയും പരിശോധനാഫലം വരുന്നതുവരെ വിമാനത്താവളപരിധിയിൽ തന്നെ Paid Quarantine-ൽ താമസിപ്പിക്കുകയും ചെയ്യുന്നു. പരിശോധനാഫലം പോസിറ്റീവ് ആകുന്നവരെ അതേ ജില്ലയിൽ തന്നെ single room isolation-ൽ പാർപ്പിക്കുകയും നെഗറ്റീവ് ആകുന്നവരെ സംസ്ഥാനത്ത് ചികിത്സാ മാനദണ്ഡപ്രകാരമുള്ള ചികിത്സ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പരിശോധനാഫലം നെഗറ്റീവ് ആയവരെ 14 ദിവസം institutional quarantine- ൽ താമസിപ്പിക്കുവാനും, ആ കാലയളവിൽ വീണ്ടും രോഗലക്ഷണങ്ങൾ കാണുന്ന പക്ഷം വീണ്ടും RTPCR പരിശോധനയ്ക്ക് വിധേയമാക്കുന്നതുമാണ്. RTPCR പരിശോധനാഫലം പോസിറ്റീവ് ആണെങ്കിൽ ജനിതകമാറ്റം സംഭവിച്ച കോവിഡ് വൈറസിന്റെ സാന്നിദ്ധ്യമുണ്ടോ എന്ന് സ്ഥിരീകരിക്കുന്നതിനായി സാമ്പിൾ ശേഖരിച്ച് പൂനെയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ അയക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോസിറ്റീവാകുന്നവരുടെ FLIGHT contact ഉൾപ്പെടെ സമ്പർക്ക പട്ടിക തയ്യാറാക്കി അവരെ പ്രത്യേകം 14 ദിവസം നിരീക്ഷിക്കുവാനും രോഗലക്ഷണമുള്ളവരെ പരിശോധിച്ച് പോസിറ്റീവാണെങ്കിൽ അവർക്ക് ചികിത്സയും അവരുടെ സാമ്പിളുകൾ ജനിതക പരിശോധനയ്ക്ക് അയച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. എല്ലാ വിമാനങ്ങളും കൃത്യമായ time |

| | | | |
|---|---|---|---|
| | | | gap പാലിക്കുന്നതിനും വിമാനത്താവളത്തിൽ ജനക്കൂട്ടം ഒഴിവാക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കണക്ഷൻ ഫ്ലൈറ്റിൽ എത്തുന്നവരെ കണ്ടെത്തുന്നതിന് self declaration form എല്ലാ യാത്രക്കാരിൽ നിന്നും വാങ്ങുന്നതും ഇതിൽ 14 ദിവസത്തെ യാത്രാ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ covid-19 Jagratha portal, www.newdelhiairport.in എന്നീ സൈറ്റുകളിൽ 72 മണിക്കൂർ മുമ്പ് RTPCR test നടത്തിയതിന്റെ നെഗറ്റീവ് സർട്ടിഫിക്കറ്റ് upload ചെയ്ത് E-Pass വാങ്ങുന്നതിനും അനുശാസിച്ചിട്ടുണ്ട്. കേരളത്തിലെ 4 വിമാനത്താവളങ്ങളിലും പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇവിടെ വരുന്നവർക്ക് വീണ്ടും RTPCR ടെസ്റ്റ് നിർബന്ധമാണ്. |

സെക്ഷൻ ഓഫീസർ